


# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 24. വീണ്ടും നിയമലംഘനം

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം

24 വീണ്ടും നിയമലംഘനം . . . . . . . . . . . . . . . . . . . 1

24

# വീണ്ടും നിയമലംഘനം

ലണ്ടനിലെ റൗണ്ട് ടേബിൾ സമ്മേളനം ഒരു പ്രഹസനം മാത്രമായിരുന്നു. മഹാത്മാഗാന്ധി അതിൽ പങ്കെടുത്തു; ഇൻഡ്യയ്ക്ക് ആവശ്യമായ ഭരണപരിഷ്ക്കാരങ്ങളെപ്പറ്റി പ്രസംഗിച്ചു. പക്ഷേ, യാതൊരു ഫലവും ഉണ്ടായില്ല. സമ്മേളനവും കൂടിയാലോചനകളും നടന്നുകൊണ്ടിരിക്കുമ്പോൾ ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണാധികാരികൾ തങ്ങളുടെ മർദ്ദനായുധങ്ങൾക്ക് മൂർച്ച കൂട്ടുകയും സ്വാതന്ത്ര്യപ്രസ്ഥാനത്തെ അടിച്ചുടയ്ക്കാനുള്ള ഗൂഢാലോചനകൾ നടത്തുകയുമാണ് ചെയ്തത്. 1931 ഡിസംബർ അവസാനത്തിൽ മഹാത്മാഗാന്ധി ലണ്ടനിൽ നിന്നു മടങ്ങുന്നതിനുമുൻപു തന്നെ പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു ഉൾപ്പെടെ പലരും ഇരുമ്പഴിക്കുള്ളിലായിക്കഴിഞ്ഞിരുന്നു.

മഹാത്മാഗാന്ധി ഇൻഡ്യയിൽ മടങ്ങിയെത്തിയയുടനെ വൈസ്രായിയോട് ഒരു കൂടിക്കാഴ്ച അനുവദിക്കാൻ അഭ്യർത്ഥിച്ചു. അത് നിരസിക്കുക മാത്രമല്ല വൈസ്രോയി ചെയ്തത്; 1932 ജനുവരി 4-ാം തീയതി മഹാത്മാഗാന്ധിയേയും മറ്റു കോൺഗ്രസ്സ് നേതാക്കന്മാരേയും പെട്ടെന്ന് അറസ്റ്റു ചെയ്യുകയും ചെയ്തു. അതോടൊപ്പം തന്നെ ഭീകരമായ മർദ്ദനങ്ങളും ആരംഭിച്ചു. ജനുവരി 4-ാം തീയതി തന്നെ ഒട്ടനവധി ആർഡിനൻസുകൾ ഒന്നിച്ച് പാസ്സാക്കി. കോൺഗ്രസ്സും അതിനോടു ബന്ധപ്പെട്ട മറ്റനേകം സംഘടനകളും നിയമവിരുദ്ധമാക്കപ്പെട്ടു. കോൺഗ്രസ്സ ആഫീസുകളും മറ്റു സ്വത്തുക്കളും കണ്ടുകെട്ടി. മേയ് 2-ാം തീയതി പണ്ഡിറ്റ് മാളവ്യ പ്രസിദ്ധം ചെയ്ത റിപ്പോർട്ടനുസരിച്ച് ആദ്യത്തെ നാലു മാസങ്ങൾക്കിടയിൽ, ഇൻഡ്യയിലാകെ 80,000 പേർ അറസ്റ്റ് ചെയ്യപ്പെട്ടു. പതിനഞ്ചു മാസങ്ങൾക്കു ശേഷം, 1933 മാർച്ച് അവസാനമായപ്പോഴേയ്ക്കും അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം ഒരു ലക്ഷത്തി ഇരുപതിനായിരം ആയി. ലാത്തിച്ചാർജ്ജുകളും വെടിവയ്പ്പുകളും മറ്റു പലതരം മർദ്ദനങ്ങളും നിർല്ലോഭം നടത്തപ്പെട്ടു.

പുതിയ ഒരു സമരത്തിന് കോൺഗ്രസ്സ് പറയത്തക്ക യാതൊരു ഒരുക്കങ്ങളും ചെയ്തിരുന്നില്ല. ഓർക്കാപ്പുറത്താണ് അടികിട്ടിയത്. കോൺഗ്രസ്സ് അല്ല, ബ്രിട്ടീഷ് ഗവൺമെന്റാണ്, ഇക്കുറി സമരമാരംഭിച്ചത് എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു വിഷമം കൂടി ഉണ്ടായിരുന്നു. 1931 നവംബറിൽ ആരംഭിച്ച ഗുരുവായൂർ സത്യാഗ്രഹം തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. ക്ഷേത്രപ്രവേശനസത്യാഗ്രഹവും നിയമലംഘനപ്രസ്ഥാനവും ഒരേസമയത്ത് നടത്തുക എളുപ്പമായിരുന്നില്ല.

എന്നിട്ടും, കേരളത്തിന്റെ യുവത്വം മർദ്ദനങ്ങളെ കൂട്ടാക്കാതെ, ആർഡിനൻസുകളെ പുല്ലാക്കിക്കൊണ്ട്, സമരാങ്കണത്തിലേയ്ക്ക് കുതിച്ചു. അവർ പരസ്യമായി നിരോധനാജ്ഞകൾ ലംഘിച്ചു. ഉപ്പുനിയമം പിച്ചിച്ചീന്തി വിദേശഷാപ്പുകളും മദ്യഷാപ്പുകളും പിക്കറ്റുചെയ്തു. നിയമവിരുദ്ധമായ കോൺഫറൻസുകളും പ്രകടനങ്ങളും നടത്തി. രണ്ടാഴ്ചയ്ക്കുള്ളിൽ 306 പേർ അറസ്റ്റു ചെയ്യപ്പെട്ടു. പക്ഷേ, എഴുപത്തിഅഞ്ചുപേർ മാത്രമേ ശിക്ഷിക്കപ്പെട്ടുള്ളൂ; ബാക്കിയുള്ളവർ വിട്ടയയ്ക്കപ്പെട്ടു.

നിരോധനാജ്ഞകളുടേയും മർദ്ദനങ്ങളുടേയും ഒത്ത നടുവിൽ കോഴിക്കോട്ടുവച്ച് 1932 മേയ് 15-ാം നു സാമുവെൽ ആറോന്റെ അദ്ധ്യക്ഷതയിൽ ആറാം കേരള സംസ്ഥാന കോൺഫറൻസ് കൂടി. മലബാറിന്റെ മിക്ക താലൂക്കുകളിൽ നിന്നും കാസർകോട്, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽനിന്നുമായി നാനൂറോളം പ്രതിനിധികൾ അതിൽ പങ്കെടുത്തു. നൂറിൽപ്പരം പ്രതിനിധികൾ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ വെറും പന്ത്രണ്ട് പേരെ മാത്രമേ ശിക്ഷിച്ചുള്ളു. ബാക്കിയുള്ളവരെ അർദ്ധരാത്രി തീവണ്ടിയിൽ കയറ്റി വിദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വിട്ടു.

ജൂൺ 15-ാം നു കണ്ണൂരിൽവച്ച് വടക്കേമലബാർ ജില്ലാ കോൺഫറൻസുകൂടി. 102 ആളുകൾ അറസ്റ്റിൽപ്പെട്ടു. പക്ഷേ, രണ്ടുപേരെ മാത്രമേ റിമാൻഡു ചെയ്തുള്ളു.

അതിനെത്തുടർന്നുകൊണ്ട് മിക്ക താലൂക്കുകളിലും താലൂക്കു സമ്മേളനങ്ങളും പല വില്ലേജുകളിലും വില്ലേജ് സമ്മേളനങ്ങളും നടന്നു. എല്ലാ മാസങ്ങളിലും നാലാം തീയതി ഗാന്ധിദിനമായും, 26-ാം തീയതി പൂർണ്ണസ്വാതന്ത്ര്യദിനമായും, എല്ലാ ഞായറാഴ്ചയും പതാകദിനമായും ആഘോഷിക്കപ്പെട്ടു. തുടരെത്തുടരെ ഘോഷയാത്രകളും പൊതുയോഗങ്ങളും നടത്തപ്പെട്ടു.

എന്നാൽ നിയമം ലംഘിച്ചവരെയെല്ലാം അറസ്റ്റു ചെയ്യുക എന്നതായിരുന്നില്ല ഗവൺമെന്റിന്റെ നയം. വാളണ്ടിയർമാരെ പിടിച്ചുകൊണ്ടുപോയി പോലീസ് സ്റ്റേഷനിൽ വച്ചു മർദ്ദിക്കുക, അതിനുശേഷം ഭക്ഷണമൊന്നും കൊടുക്കാതെ പട്ടിണികിടത്തി രാത്രിസമയത്ത് വണ്ടിയിൽ കയറ്റി ദൂരത്ത് എവിടെയെങ്കിലും കൊണ്ടുപോയി വിടുക, ബോധംകെട്ടു വീഴുന്നതുവരെ അടിക്കുക ഇത്തരം ഭീകരതകളാണ് നടമാടിയത്.

ഇതിനുപുറമേ സത്യാഗ്രഹികളുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്താൻ പറ്റിയ പല മൃഗീയനടപടികളും കൈയ്ക്കൊള്ളപ്പെട്ടു. ഉദാഹരണത്തിന് ശ്രീ. എൽ. എസ്സ്. പ്രഭുവിന്റെ പത്നിയെ അറസ്റ്റു ചെയ്ത് ശിക്ഷിച്ചപ്പോൾ ചുമത്തിയ പിഴ വസൂലാക്കാൻ വേണ്ടി അവരുടെ കഴുത്തിലെ "മംഗല്യ"ത്തെ നിർബന്ധപൂർവ്വം അഴിച്ചു വാങ്ങുകയുണ്ടായി. നാട്ടുകാരുടേയും "ഹിന്ദു" മുതലായ പത്രങ്ങളുടേയും നീണ്ടുനിന്ന പ്രക്ഷോഭങ്ങൾക്കുശേഷമാണ് ഒടുവിൽ താലി മടക്കിക്കൊടുക്കാൻ കല്പനയായത്.

എന്നാൽ, എന്തൊക്കെത്തന്നെയായിട്ടും, എല്ലാത്തരം മർദ്ദനങ്ങളേയും നേരിട്ടുകൊണ്ട് കേരളത്തിലെ ദേശാഭിമാനികൾ അസാധാരണമായ ത്യാഗധീരതയോടെ തങ്ങളുടെ പാവനമായ സ്വാതന്ത്ര്യസമരം തുടരുകതന്നെ ചെയ്തു.

1932 സെപ്റ്റംബർ മാസത്തിൽ രാജ്യമൊട്ടുക്കും സ്വാതന്ത്ര്യസമരത്തിൽ മുഴുകിക്കൊണ്ടിരുന്ന സന്ദർഭത്തിൽ മഹാത്മാഗാന്ധി ജയിലിൽവച്ച് ഒരു ഉപവാസമാരംഭിച്ചു. അധഃകൃതർക്ക് പ്രത്യേക നിയോജകമണ്ഡലം നീക്കിവയ്ക്കുന്നതിനെ എതിർക്കുകയായിരുന്നു ഉദ്ദേശം. പ്രത്യേക നിയോജക മണ്ഡലം ഹിന്ദുസമുദായത്തെ വെട്ടിമുറിക്കുന്നതിനു തുല്യമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഈ ഉപവാസവാർത്ത രാജ്യത്തിൽ വലിയൊരു ഇളക്കമുണ്ടാക്കി. ഗാന്ധിജിയുടെ ജീവൻ, രക്ഷിക്കാൻവേണ്ടി അവർണ്ണനേതാക്കന്മാരും സവർണ്ണനേതാക്കന്മാരും കൂടിയാലോചനകൾ നടത്തുകയും ഒടുവിൽ സെപ്റ്റംബർ 24-ാം നു അധഃകൃതവർഗ്ഗക്കാർക്ക് പ്രത്യേക നിയോജകമണ്ഡലം ആവശ്യമില്ലെന്ന തീരുമാനത്തിൽ രണ്ടുകൂട്ടരും എത്തിച്ചേരുകയും പൂനാകരാർ എന്ന പേരിലറിയപ്പെടുന്ന സന്ധിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. അങ്ങനെ ഉപവാസം അവസാനിച്ചു.

1933 മേയ്മാസത്തിൽ ഗാന്ധിജി വീണ്ടും നിരാഹാരം തുടങ്ങി. ഇക്കുറി ഹരിജനങ്ങളോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച് തന്നേയും തന്റെ സഹപ്രവർത്തകന്മാരേയും ശുദ്ധീകരിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഈ ഘട്ടത്തിൽ ഗവൺമെന്റ് ഗാന്ധിജിയെ നിരുപാധികമായി ജയിലിൽനിന്നു വിട്ടയച്ചു. ഏറെക്കഴിയുന്നതിനുമുൻപ് ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് കോൺഗ്രസ്സിന്റെ ആക്ടിംഗ് പ്രസിഡന്റ് നിയമലംഘനപ്രസ്ഥാനത്തെ തൽക്കാലത്തേയ്ക്ക് നിറുത്തിവച്ചു.

1933 ജൂലായ്മാസത്തിൽ ഗാന്ധിജി വൈസ്രായിയോട് ഒരു കൂടിക്കാഴ്ചയ്ക്ക് അനുവാദം ചോദിച്ചു. നിയമലംഘനപ്രസ്ഥാനം ഉപേക്ഷിച്ചല്ലാതെ കൂടിക്കാഴ്ച അനുവദിക്കുകയില്ല എന്ന് വൈസ്രായി ശഠിച്ചു. ഗാന്ധിജി ബഹുജനസമരം നിറുത്തിവയ്ക്കുകയും വ്യക്തിസത്യാഗ്രഹം ആരംഭിക്കുകയും ചെയ്തു. ഗവൺമെന്റ് വീണ്ടും മർദ്ദനങ്ങൾ അഴിച്ചുവിട്ടു. ജൂലായ്മാസത്തിൽ ഗാന്ധിജി വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടുവെങ്കിലും പുതിയ ഒരു ഉപവാസത്തെത്തുടർന്ന് വിട്ടയയ്ക്കപ്പെട്ടു. അതിനുശേഷം അദ്ദേഹം ഹരിജനപ്രസ്ഥാനം ശക്തിപ്പെടുത്താൻ വേണ്ടി ഒരു അഖിലേൻന്ത്യാ സഞ്ചാരപരിപാടി ആരംഭിച്ചു.

1933-ന്റെ അവസാനമായപ്പോഴേയ്ക്കും നിയമലംഘന പ്രസ്ഥാനം മിക്കസ്ഥലങ്ങളിലും അവസാനിച്ചുകഴിഞ്ഞിരുന്നു. എങ്കിലും 1934 മേയ് മാസത്തിലാണ് അത് ഔപചാരികമായി പിൻവലിക്കപ്പെട്ടത്.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടിഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10